**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5644 18.11.2019-ൽ മറുപടിയ്ക്ക്

**ഡിപ്ലോമ ഇൻ സെന്റർ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ഡി.എം.ഇ.-യുടെ കീഴിൽ നടത്തിവരുന്ന ഡിപ്ലോമ ഇൻ സെന്റർ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് സംസ്ഥാനത്തെ ഏതൊക്കെ കോളേജുകളിൽ നടത്തിവരുന്നു; വ്യക്തമാക്കുമോ; | (എ) & (ബി) | ഡി.എം.ഇ.-യുടെ കീഴിൽ ഡിപ്ലോമ ഇൻ **സെന്റർ** ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് നടത്തപ്പെടുന്നില്ല. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ദന്തൽ കോളേജുകളിൽ ഡിപ്ലോമ ഇൻ **ദന്തൽ** ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് നടത്തിവരുന്നു. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ദന്തൽ കോളേജുകളിൽ 10 സീറ്റുകൾ വീതം ആകെ 20 സീറ്റുകൾ ഡിപ്ലോമ ഇൻ **ദന്തൽ** ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സിന് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സിന് സംസ്ഥാനത്ത് എത്ര സീറ്റുകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിൽ തസ്തികകളെന്തെങ്കിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഡിപ്ലോമ ഇൻ **ദന്തൽ** ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് അടിസ്ഥാന യോഗ്യതയായി, മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിൽ, തൃശ്ശൂർ, ആലപ്പുഴ സർക്കാർ ദന്തൽ കോളേജുകളിൽ 5 വീതം (ആകെ പത്ത്) ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൽ നിലവിലുള്ള തസ്തികകൾക്ക് ആനുപാതികമായി സ്വകാര്യ | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ഡെന്റൽ കോളേജുകളിലും മറ്റും ഈ തസ്തിക നിർബന്ധമാക്കികൊണ്ട് ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ; | | |
| (ഇ) | പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇതിനകം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് എന്നാണ് നിയമനം നടത്തിയിട്ടുള്ളത്; നിയമനങ്ങൾ പി.എസ്.സി. മുഖേനയായിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഇ) & (എഫ്) | പ്രസ്തുത തസ്തികയിലേക്ക് നിയമനം നടന്നിട്ടില്ല; 01/06/2019 ലെ ഇ 3/674/2017/ഡി.എം.ഇ. നമ്പർ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 10 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത യോഗ്യത നേടിയിട്ടുള്ള നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി നിലവിലുള്ള വേക്കൻസികളിലേയ്ക്ക് നിയമനം നടത്തുന്നതിന് അടിയന്തര നടപടി കൈകൊള്ളുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ